# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരുവാറ്റ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA.ALP.P-3/1057/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/10/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുവാറ്റ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP.P-3/1057/2023 തീയ്യതി: 03/10/2023

## ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 20-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-07-2023 | 20-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പി.സാബു, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ),
ശ്രീമതി.രാജി.എസ്സ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ.ഷിബു.എ.പി,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ.ലക്ഷ്മികാന്ത്.പി,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എസ്.സുരേഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.അജയകുമാർ.സി.വി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മഹേശ്വരി ജെ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. രഞ്ജിനി പി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷിജിമോൾ കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.അഞ്ജു ശ്രീധരൻ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 01-04-2022 | 04-05-2022 |
| ഡോബിഷബാബു | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 05-05-2022 | 31-03-2023 |
| ഡോ.ശ്രീജ | മെഡിക്കൽഓഫീസർ(ആയൂർവേദം) | 01-04-2022 | 31-03-2023 |
| ശ്രീ.അരുൺ | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീ.ഉമ്മർകുഞ്ഞ് എം | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി. സിന്ധു ഒ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 08-12-2022 |
| ശ്രീമതി.ഹസീന.എ | അസിസ്റ്റന്റ് എൻജിനീയർ | 09-12-2022 | 31-03-2023 |
| ശ്രീമതി.ധന്യ ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കരുവാറ്റ നോർത്ത്) | 01-04-2022 | 31-03-2023 |
| ശ്രീമതി.കവിത ആർ പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കരുവാറ്റ സൗത്ത്) | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീജ എസ് നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ.അനീഷ്.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 17-04-2022 |
| ഡോ.സിനി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 18-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.ഷാമില | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 29-10-2022 |
| ശ്രീമതി.ലീജ.എ.എൽ | അസിസ്റ്റന്റ് സെക്രട്ടറി | 31-10-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൌണ്ടിങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | സാമ്പത്തിക പത്രികകളിലെ അപാകത | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ലഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-5 |
| 7 | ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 16 | ആഭ്യന്തരനിയന്ത്രണം- | 1-9 |
| 17 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 18 | മുൻ വർഷത്തെ നീക്കിയിരുപ്പ് തുകകൾ തൻവർഷവും ചെലവഴിച്ചിട്ടില്ല | 1-11 |
| 19 | തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തിട്ടാക്കിയില്ല | 1-12 |
| 20 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 20,000/- രൂപാ വരുമാന നഷ്ടം | 1-13 |
| 21 | ഓഡിറ്റ് ഇംപാക്ട് - കരാറുകാരനിൽ നിന്നും കുറവായി ഈടാക്കിയ ആദായ നികുതി 3544/- രൂപ തിരികെ ഒടുക്കി - | 1-14 |
| 22 | റോഡ് കണക്ടിവിറ്റി മാപ്പിംഗ്-പൂർത്തീകരണ വിവരങ്ങളില്ല-20250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു- | 1-15 |
| 23 | വെള്ളക്കരം കുടിശ്ശിക - ഗ്രാമപഞ്ചായത്തിന് ബാധ്യത | 1-16 |
| 24 | പമ്പ് ഹൌസ് നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും പദ്ധതി -വിനിയോഗ രേഖകൾ ഹാജരാക്കിയില്ല | 1-17 |

| | | |
|---|---|---|
| 25 | പകൽ വീട് -പരിപാലനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് - | 1-18 |
| 26 | മരുന്നുകൾ ലഭിച്ചില്ല | 1-19 |
| 27 | ഐകെഎം വിഹിതം അടക്കൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-20 |
| 28 | ലൈഫ് ഭവനപദ്ധതി | 1-21 |
| 29 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് സംബന്ധിച്ച്- | 1-22 |
| 30 | തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ - | 1-23 |
| ഭാഗം **2** | | |
| 1 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്യിട്ടാക്കിയില്ല-20000/- രൂപാ വരുമാന നഷ്ടം | 2-1 |
| ഭാഗം **3** | | |
| 1 | ചെലവ് നിരീക്ഷണങ്ങൾ | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023 ലെ 1(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 30.06.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : ആലപ്പുഴ

തീയതി:

സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

### 1-1-1 അക്കൌണ്ടിങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടങ്ങൾ, 2011, 62(2)(എഫ്) പ്രകാരമുള്ള റേഷ്യോസ്,

നോട്ട്സ് ടു അക്കൌണ്ട്സ് എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1-1-2 സാമ്പത്തിക പത്രികകളിലെ അപാകത

പഞ്ചായത്ത് രാജ് (അക്കൌണ്ട്സ് ചട്ടങ്ങൾ) 62(3) പ്രകാരം സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ ആകെ ക്യാഷ് ഫ്ലോയും (43547616/-) അതേ പത്രികയിലെ മുന്നിരുപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും ( 57433) പൊരുത്തപ്പെടുന്നില്ല. തുകകൾ തുല്യമല്ലാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വസ്തുനികുതി, തൊഴിൽനികുതി (ട്രേഡേഴ്സ്) എന്നിവയുടെ ലഡ്ജറുകളിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടില്ല.

1-1-5 ലഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ലഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-6 ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല

ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല. ഉദാ:- പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ മാർച്ച്, 2023 ൽ 1855461/- രൂപ കുടിശ്ശികയാണെങ്കിലും ആയത് ബാദ്ധ്യതയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

വാർഷികകണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. ഉദാ:- ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്താൻ സാധിക്കുംവിധം ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 15/03/2022 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 312559115 | 307536500 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 184930563 | 180678992 |

21/03/2023 തീയതിയിലെ 2(1) നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25715305 |
| വരവ് | 33259002 |

| | |
|---|---|
| ആകെ | 58974307 |
| ചെലവ് | 33201569 |
| നീക്കിയിരിപ്പ് | 25772738 |
| വരവിനങ്ങളിലുള്ള നഷ്ടം | 20000 |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 984355 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വി.ഫണ്ട്(ജനറൽ) | 0 | 15127000 | 15127000 | 15076050 (സോഴ്സ് ഡിഡക്ഷൻ 3824856/-ഉൾപ്പെടെ) | (-)50950 (ലാപ്സായി) |
| വി.ഫണ്ട് (എസ്.സി.പി) | 0 | 3854000 | 3854000 | 3503560 (സോഴ്സ് ഡിഡക്ഷൻ 465360/-ഉൾപ്പെടെ) | (-)350440 (ലാപ്സായി) |
| വി.ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 6209300 | 6209300 | 3288306 | 2920994 (ലാപ്സായി) |
| മെയിന്റനൻസ് ഫണ്ട്- നോൺറോഡ് | 0 | 7633000 | 7633000 | 4664820 | 2968180 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied (Bank) | 2447569 | 3946000 | 6393569 | 1973100 | 4420469 (നീക്കിയിരിപ്പ്) |
| Tied (Treasury) | 0 | 1708990 | 1708990 | 854495 | 854495 (ലാപ്സായി) |
| Untied (Bank) | 2591883 | 2839740 (208740 പലിശ) | 5431623 | 4716309 | 715314 (നീക്കിയിരിപ്പ്) |
| Untied (Treasury) | 0 | 173837 | 173837 | 138366 | 35471 (ലാപ്സായത്) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാ | പൂർത്തീകരിച്ചത്- |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ത്തവ (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 118 | 128694606 | 83 | 45028040 | 22 | 13 | 70.34 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 642 | 1603112 | 1603754 | 838267 | 765487 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 87235000 | 87235000 | 87235000 | 0 |
| ആകെ | 642 | 88838112 | 88838754 | 88073267 | 765487 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 1028 | 10870400 |
| വിധവാ പെൻഷൻ | 890 | 9411400 |
| വാർദ്ധക്യകാല പെൻഷൻ | 1753 | 17101800 |
| വികലാംഗ പെൻഷൻ | 322 | 3450800 |
| അവിവാഹിത പെൻഷൻ | 46 | 488800 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 2 | 60000 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.07.2023 തീയതിയിൽ 03:00 P.M സമയത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,310/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം-

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമാണെങ്കിലും ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല.

2. വർഷത്തിൽ 4 പ്രാവശ്യം (3 മാസത്തിലൊരിക്കൽ) ഗ്രാമസഭ കൂടണമെന്ന നിയമപരമായ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. 2022 ഡിസംബറിന് ശേഷം ഗ്രാമ സഭ ചേർന്നതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

3. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ അപ്ഡേഷനുകൾ വരുത്തിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. R-ട്രാക്ക് വഴിയുള്ള ആസ്തികളുടെ ഓൺലൈൻ വിവരശേഖരണവും പൂർത്തിയാക്കപ്പെട്ടിട്ടില്ല.
4. പ്രവർത്തന ക്ഷമമല്ലാത്ത പൊതുടാപ്പുകൾ കട്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും സംയുക്തപരിശോധന യഥാസമയം നടക്കാത്തതിനാൽ ഉപയോഗശൂന്യമായ ടാപ്പുകൾ കട്ട് ചെയ്യുവാൻ സാധിക്കാത്ത അവസ്ഥ നിലനിൽക്കുന്നു.തന്മൂലം വെള്ളക്കരം കുടിശ്ശിക ക്രമാതീതമായി പെരുകുന്നു.
5. തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാ രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്റ്റുകൾക്ക് രൂപം നൽകേണ്ടത്. ഗ്രാമപഞ്ചായത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും അപൂർണ്ണമാണ്. പദ്ധതി മാർഗ്ഗരേഖയിൽ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ പ്രസക്തി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഗൗരവകരമായ സമീപനം പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല.

6. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് തൻ വർഷം തുക നൽകിയിട്ടുണ്ടെങ്കിലും, ആയത് പൂർത്തീകരിക്കപ്പെട്ടുവെന്നതിന് രേഖകളില്ല.
7. സ്ഥിരം തനത് വരുമാനങ്ങൾക്കുപരിയായി, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന മാർഗ്ഗങ്ങളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 ടാക്സ് ഓഡിറ്റ് - അവലോകനം

### ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 2022-23 വർഷത്തിൽ പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഭരണസമിതിക്ക് സമർപ്പിച്ചിട്ടില്ല. എന്നാൽ ബജറ്റിൽ നിർദ്ദേശിച്ച തനത് വരുമാനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ സമാഹരിക്കുന്നത് ഉറപ്പാക്കിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 22-2-2023 തീയതിയിലെ അജണ്ട 1 തീരുമാനം 1 പ്രകാരം വ്യക്തമാണ്. മുൻവർഷങ്ങളിലെ വരവിനങ്ങൾ വർഷാവസാനം പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പാക്കിയിട്ടുണ്ട്.

01.04.2023 ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിഗണിക്കുകയോ ചർച്ചയിൽ ഉൾപ്പെടുത്തുകയോ ചെയ്യാതെ തന്നെ 17.06.2023 തീയതിയിലെ ജനറൽ കമ്മറ്റിയുടെ 12(1) നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയാണ് ചെയ്തത്. ഇത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്.

### വസ്തു നികുതി

വസ്തു സംബന്ധിച്ച രജിസ്റ്ററുകളും, സഞ്ചയയിലെ വസ്തു നികുതി വരവും ILGMS വരവും താഴെ സൂചിപ്പിക്കുന്ന പ്രകാരം പൊരുത്തപ്പെടുന്നതായി കാണുന്നു.

| | റെസിഡെൻഷ്യൽ കെട്ടിടങ്ങൾ | നോൺ - റെസിഡെൻഷ്യൽ കെട്ടിടങ്ങൾ |
|---|---|---|
| സഞ്ചയ പ്രകാരമുള്ള വരവ് | 11,47,125 | 19,43,864 |
| Ilgms പ്രകാരമുള്ള വരവ് | 11,47,125 | 19,43,864 |

01.04.2023 ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകൾ 17.06.2023 തീയതിയിലെ ജനറൽ കമ്മറ്റിയുടെ 12(1) നമ്പർ തീരുമാന പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. 1-4-2023 ശേഷം അസസ്സ് ചെയ്ത എല്ലാ വിഭാഗം കെട്ടിടങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്ക് വർദ്ധിപ്പിച്ച് വിജ്ഞാപനം ചെയ്തെങ്കിലും സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടില്ലാത്തതിനാൽ ടി കെട്ടിട ഉടമകളിൽ നിന്നും 01.04.2023 മുതൽ പരിഷ്കരിച്ച നിരക്കിൽ വസ്തുനികുതി ഈടാക്കാൻ സാധിക്കുന്നില്ല. ആ കെട്ടിടങ്ങൾക്ക് പഴയ അടിസ്ഥാന നിരക്കിൽ ആണ് നികുതി ഈടാക്കുന്നത്. സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയതിന് ശേഷം പുതുക്കിയ നിരക്ക് പ്രകാരം അധികമായി ഒടുക്കേണ്ട തുക പഞ്ചായത്തിൽ ഒടുക്കാം എന്ന സത്യവാങ്മൂലം ടി കെട്ടിട ഉടമകളുടെ പക്കൽ നിന്നും പഞ്ചായത്ത് രേഖാമൂലം എഴുതി വാങ്ങിയിട്ടുണ്ട്. സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയാൽ മാത്രമേ ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ.

പഴയ കെട്ടിടങ്ങളുടെ വിഷയത്തിൽ മുൻ സാമ്പത്തിക വർഷം ഒടുക്കിയ വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തി തുക ഇടാക്കുന്നുണ്ട്. 2013 ലെ മേഖല വിഭജനം അതുപോലെ നിലനിർത്തിയിട്ടുണ്ട്. സഞ്ജയ സോഫ്റ്റ്‌വെയർ, അസസ്സ്മെൻറ് രജിസ്റ്ററുകൾ, നികുതി ഇളവ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ അനധികൃതമായി നികുതി ഇളവുകൾ അനുവദിച്ചതായി കാണുന്നില്ല. ഫീൽഡ് സന്ദർശനങ്ങൾ നടത്തിയാണ് നികുതി ഇളവ് അനുവദിക്കുന്നത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഒരു സ്വകാര്യ ഹോസ്റ്റലിന് എസ്.ആർ.ഓ നം.100/2015 സ.ഉ(അ)നം.36/2015/തസ്വഭവ പ്രകാരമുള്ള നിരക്കിലാണ് നികുതി ഈടാക്കുന്നത്. പഞ്ചായത്തിൽ UA രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്, ടി രജിസ്റ്ററിൽ രേഖപ്പെടുത്തിയ UA നമ്പർ നല്കിയ കെട്ടിടങ്ങളിൽ നിന്നും ക്രമവത്കരിക്കുന്നത് വരെ 3 ഇരട്ടി തുക ഈടാക്കുന്നുണ്ട്.

മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നത് ക്രമപ്രകാരം ആണ്.

ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്യാൻസൽ ചെയ്യപ്പെടുന്നുണ്ട്. ഇതുമൂലം പഞ്ചായത്തിന് നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല.

<u>തൊഴിൽ നികുതി</u>

രജിസ്റ്റർ പ്രകാരമുള്ള എല്ലാ സ്ഥാപങ്ങൾക്കും ഡിമാന്റ് നോട്ടീസ് യഥാസമയം നല്കി തൊഴിൽ നികുതി വസൂലാക്കുന്നുണ്ട്.

സ്ഥാപന ഉടമകളുടെയും ജീവനക്കാരുടെയും പക്കൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, മറ്റ് പ്രൊഫഷണലുകൾ, മാരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനീയേഴ്സ്, വാഹന ഉടമകൾ ഇവരിൽ നിന്നും പഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ സ്വയം തൊഴിൽ ചെയ്യുന്നവരുടെ സംപൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കാത്തത് ഇത്തരം നികുതി നഷ്ടത്തിന് കാരണം ആകുന്നു. സ്ഥാപനങ്ങളും സ്ഥാപന മേധാവികളും കൈമാറുന്ന നികുതി പത്രികകൾ പ്രകാരമുള്ള തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്ക് വരുത്താറുണ്ട്. വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററുകളിലെയും ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്, ഇത് സംബന്ധിച്ച രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

വിനോദ നികുതി

പഞ്ചായത്തിൽ സിനിമാ തിയറ്ററുകൾ ഇല്ലാത്തതിനാൽ അതിൽ നിന്നുള്ള വിനോദ നികുതി ലഭിക്കുന്നില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് കേബിൾ ടി.വി നെറ്റ് വർക്കുകളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

നികുതിയേതര വരവുകൾ

തൊഴിൽ നികുതി, ട്രെഡേഴ്സ് ലിസ്റ്റ്, സഞ്ചയ, ഇത് പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളും പഞ്ചായത്തിൽ ക്രമപ്രകാരമുള്ള ലൈസൻസ് ഫീസ് ഒടുക്കിയിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്-പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 9-12-2022 ലെ അജണ്ട-2 തീരുമാനം 2(1) പ്രകാരവും 10-1-2023 ലെ അജണ്ട 5 -തീരുമാനം 5(1) പ്രകാരവും ചർച്ച ചെയ്തതായി മിനിട്സ് ബുക്ക് പരിശോധിച്ചതിൽ നിന്നു വ്യക്തമായി. 01.06.2022 ലെ സ.ഉ(കൈ) നം.117/2022/LSGD നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് ഒരു കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുകയോ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി 3 മാസത്തിൽ ഒരിക്കൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല. ഇത്തരത്തിൽ 3 മാസത്തിൽ ഒരിക്കൽ നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്-പിരിവ് പുരോഗതി വിലയിരുത്തുന്നതിനായി ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയും ആയത് ചർച്ച ചെയ്യുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

1-11 മുൻ വർഷത്തെ നീക്കിയിരുപ്പ് തുകകൾ തൻവർഷവും ചെലവഴിച്ചിട്ടില്ല

2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം പഞ്ചായത്തിന്റെ ബാധ്യതയായി ഉൾപ്പെടുത്തിയ ചുവടെ ചേർക്കുന്ന തുകകൾ 2022-23 ലും ചെലവഴിക്കുകയോ ബന്ധപ്പെട്ട ഹെഡ്ഡിൽ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| Code | Head | Amount |
|---|---|---|
| 320100153 | PYKA | 3,50,000 |
| 320100192 | Flood Relief Grant | 466432 |
| 320700104 | Block Panchayath Share | 15,00,000 |
| 320700204 | Block Panchayath Share (Joint Venture Project) | 37647 |
| 320700205 | District Panchayath Share (Joint Venture Project) | 57373 |
| 320700405 | District Panchayath Fund | 75000 |
| 320800101 | Beneficiary Contribution | 3010 (21-22 നീക്കിയിരുപ്പ് തൻവർഷവും ഏജൻസിക്ക് നൽകിയില്ല) |
| 320900102 | Donation Related To Pandemic/epidemic Control | 120410 |
| 320100999 | Other Liabilities | 3400 |

ബാലൻസ് ഷീറ്റിൽ ഇപ്പോഴും ബാധ്യതയായി ഈ തുകകൾ നിലനിർത്തിയിരിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പ്രോജക്ട് വെക്കാൻ കഴിയുന്നവ ഈ സാമ്പത്തികവർഷം പ്രോജക്ട് വെക്കുകയോ അല്ലാത്തവ തിരികെ ഒടുക്കുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഗുണഭോക്തൃവിഹിതം ഉൾപ്പെടെയുള്ള

തുകകളിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം.8/14.07.23

1-12 തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(ii)എ(i) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും. പഞ്ചായത്തിന്റെ 2022-23ലെ തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപന ഉടമകൾ, ജീവനക്കാർ എന്നിവരിൽ നിന്നും, തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കരുനാലയിൽ ഫിനാൻസിയേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 2 | യോഗ് ലോൺസ് ആന്റ് ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 3 | രേവതി ഫിനാൻസ് കോർപ്പറേഷൻ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 4 | വസുദേവത് നിധി ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 5 | ശിവഗംഗ ഫിനാൻസ്, കന്നുകാലി പാലം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 6 | ശ്രീ നാരായണ ഫിനാൻസ്, കന്നുകാലി പാലം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 7 | ന്യൂ ഇന്ത്യ ഇൻഷ്വറൻസ് കമ്പനി, പോർട്ടൽ ഓഫീസ്, വാർഡ് നം:06 | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് 2022-23 ലെ തൊഴിൽ നികുതി കുടിശ്ശിക അടവാക്കുന്നതിന് പഞ്ചായത്ത് നോട്ടീസ് നൽകിയതായും തുക അടവാക്കുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/തീയതി:12-07-2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി സ്ഥാപനങ്ങളുടെ ഉടമകൾ, ജീവനക്കാർ ഇവരിൽ നിന്നും 2022-23 വർഷത്തെ തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2022-23 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ (എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) കരാറുകാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എ പ്രകാരം ടി കരാറുകാർ പഞ്ചായത്ത് പരിധിയിൽ 60ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി കൊടുക്കുവാൻ ബാധ്യസ്ഥരാണ്. ചട്ടം 8 പ്രകാരം ടി കരാറുകാരുടെ ടേണോവറിന്റെ

അടിസ്ഥാനത്തിൽ ആകണം തൊഴിൽ നികുതി നിശ്ചയിക്കേണ്ടത്. ഈ കരാറുകാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/തീയതി 15-07-2023) പഞ്ചായത്ത് കരാർ ഉൾപ്പടെയുള്ള മാരാമത്ത് പണികൾ ഏറ്റെടുക്കുന്ന കരാറുകാരെ സംബന്ധിച്ച വിവര ശേഖരണത്തിന് എൽ.എസ്.ജി.ഡി എ.ഇ യ്ക്കും, എം.ജി.എൻ.ആർ.എ.ജി.എസ് എ.ഇ യ്ക്കും നല്കിയ കത്തിന്റെ മറുപടി ലഭിക്കുന്ന മുറക്ക് ഉചിതമായ തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഈ കരാറുകാർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ഇക്കാലയളവിൽ പ്രവൃത്തി ചെയ്യുകയും ആയതിന് അവിടെ തൊഴിൽ നികുതി അടച്ചതായി രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിൽ ആ വിവരം പരിശോധിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതും, അല്ലാത്ത പക്ഷം പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രൊഫഷണലുകൾ, സ്വയം തൊഴിൽ ചെയ്യുന്നവർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 204(2)എ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രാക്ടീസ് നടത്തുന്ന പ്രൊഫഷണലുകൾ, ബിൽഡിങ് പ്ലാൻ തയാറാക്കുന്ന എഞ്ചിനീയർമാർ, കൺസൾട്ടൻസികൾ, സൂപ്പർവൈസർമാർ, കോൺട്രാക്ട് കാരിയേജ് നടത്തുന്ന വാഹന ഉടമകൾ, പ്രൈവറ്റ് ബസ് ഉടമകൾ തുടങ്ങിയവർ പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. മേൽ സൂചിപ്പിച്ചവരുടെ അർദ്ധ വർഷ വരുമാന പത്രിക പഞ്ചായത്ത് ഡിമാൻഡ് ചെയ്യുകയും ടി വരുമാന പത്രികയിലെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇവരിൽ നിന്നും ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഇടാക്കേണ്ടതുമാണ്. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/തീയതി 15-07-2023) മേൽ സൂചിപ്പിച്ച പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്യുന്ന പ്രൊഫഷണലുകൾ, സ്വയം തൊഴിൽ ചെയ്യുന്നവർ ഇവരിൽ നിന്നും നിയമാനുസൃതം ലഭിക്കേണ്ട തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി ഈടാക്കുന്നതിന്റെ പരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-13 സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 20,000/- രൂപാ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ/സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്.
2022-23 ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | കരുനാലയിൽ ഫിനാൻസിയേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 2 | യോഗ് ലോൺസ് ആന്റ് ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |

| | | | |
|---|---|---|---|
| 3 | രേവതി ഫിനാൻസ് കോർപ്പറേഷൻ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 4 | വസുരേവത് നിധി ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 5 | മാക്സ് വാല്യൂ ക്രെഡിറ്റ്സ് & ഇൻവെസ്റ്റ്മെൻറ്സ് | രണ്ടാം അർദ്ധവർഷം | 1250X1=1250 |
| 6 | ശിവഗംഗ ഫിനാൻസ്, കന്നുകാലി പാലം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 7 | ശ്രീ നാരായണ ഫിനാൻസ്, കന്നുകാലി പാലം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 8 | ന്യൂ ഇന്ത്യ ഇൻഷുറൻസ് കമ്പനി, പോർട്ടൽ ഓഫീസ്, വാർഡ് നം:06 | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 9 | കണ്ണാട്ട് ഫിനാൻസ് | രണ്ടാം അർദ്ധവർഷം | 1250X1=1250 |
| | ആകെ | | 20,000/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നതിന് കത്ത് നൽകിയതായും, നികുതി അടവാക്കുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:05, തീയതി 12/07/2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-14 ഓഡിറ്റ് ഇംപാക്ട് - കരാറുകാരനിൽ നിന്നും കുറവായി ഈടാക്കിയ ആദായ നികുതി 3544/- രൂപ തിരിക ഒടുക്കി -

താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരമുള്ള നിരക്കിൽ 1% ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി/വർക്ക് കോഡ്./ കരാറുകാരൻ/ M-Book No. | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | ഈടാക്കേണ്ട ആദായ നികുതി(1%) | ഈടാക്കിയ ആദായ നികുതി | കുറവ് | FTO No./ തീയതി |
|---|---|---|---|---|---|---|
| 1. | വാർഡ്- 6-അതിരിനകത്ത് മുതിരത്തറ റോഡ് – 2-ാം ഘട്ടം-കോൺക്രീറ്റിംഗ്./ RC-308439/ പ്രസന്നൻ. 167/21-22 | Rs-280385 /- ( M Book Page No.18 | 2803/- | 1442/- | 1361/- | 1)16434/dt. 05-09-22 |

| | | | | | | |
|---|---|---|---|---|---|---|
| 2. | വാർഡ്- 05-റെയിൽവെ ട്രാക്ക് മുതൽ തോപ്പിൽ ജംഗ്ഷൻവരെ മെറ്റലിംഗ്.1-ാം ഘട്ടം. പ്രസന്നൻ. 342/21-22 | 362500/-( M Book Page No.18) | 3625/- | 1442/- | 2183/- | 1)16434/dt. 05-09-22 |
| | | ആകെ | | | 3544/- | |

നിയമാനുസൃത നിരക്കിലും കുറവായിആദായനികുതി ഈടാക്കിയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (20/19.07.2023) മറുപടിയായി, കുറവ് വന്ന തുകയായ 3544/- രൂപ 20-07-23 ൽ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ഈ തുക ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-15 റോഡ് കണക്ടിവിറ്റി മാപ്പിംഗ്-പൂർത്തീകരണ വിവരങ്ങളില്ല-20250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു-

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പിലാക്കിയ റോഡ് കണക്ടിവിറ്റി മാപ്പിംഗ് (പ്രോജക്റ്റ് നം. എസ്സ്-0027/23) എന്ന പദ്ധതി പ്രകാരം തനതുഫണ്ടിൽ നിന്നും 20250/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ചെക്ക് നം.136540/29-08-22) ടി തുക ശ്രീ.വിഷ്ണു, ശ്രീ.ഗിരീശൻ എന്നിവർക്ക് 2022 ജൂൺ മാസം സർവ്വെ നടത്തിയതായി കാണിച്ച് നൽകിയ തുകയാണ്. (യഥാക്രമം 12750/-, 7500/- വീതം) ഇതുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിപ്രകാരം നടത്തിയിട്ടുള്ള സർവ്വെയിൽ എന്തെല്ലാം വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളതെന്നും, റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ എന്ന പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന വിവരങ്ങൾ ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (12/15.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവർത്തി പൂർത്തീകരണ രേഖകളുടെ അഭാവത്തിൽ ഇതിനായി ചെലവഴിച്ച 20250/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-16 വെള്ളക്കരം കുടിശ്ശിക - ഗ്രാമപഞ്ചായത്തിന് ബാധ്യത

കേരള വാട്ടർ അതോറിറ്റിയുടെ 12.04.2022 ലെ 62387-ാം നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്തിലെ 353 പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശികയുൾപ്പടെ 10,50,739/-രൂപയാണ്. മാർച്ച് 2023 ആയപ്പോൾ കുടിശ്ശിക ഡിമാന്റ് 18,55,461/- രൂപയായി വർദ്ധിച്ചു. വെള്ളക്കരം അടവിന്റെ ഫയൽ പരിശോധിച്ചതിൽ വാട്ടർ അതോറിറ്റി പ്രതിമാസം ഡിമാന്റ് ചെയ്യുന്ന മുഴുവൻ തുക (ഉദാ: 4/22ലെ ഡിമാന്റ് 1,70,624/-,3/23ലെ ഡിമാന്റ് 428277/-) ഒടുക്കാതെ 143063/-രൂപ വീതം അടക്കുന്നതായാണ് കാണുന്നത്. വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന തുകയിലും പൊതുടാപ്പുകളുടെ എണ്ണത്തിലും വ്യത്യാസം ഉള്ളതിനാലാണ് ഇപ്രകാരം ഒരു നിശ്ചിത തുക മാത്രം അടക്കുന്നതെന്നാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. പൊതുടാപ്പുകളുടെ എണ്ണത്തിലെ വ്യത്യാസം തിട്ടപ്പെടുത്തുന്നതിനായി സംയുക്ത പരിശോധനക്കായി വാട്ടർ അതോറിറ്റിക്ക് 22/07/2021 മുതൽ വിവിധ തീയതികളിൽ (07.12.2021, 09.02.2022) കത്തുകൾ നൽകിയിട്ടുണ്ടെങ്കിലും ഇതുവരെയും സംയുക്ത പരിശോധന നടന്നിട്ടില്ല.

വെള്ളക്കരമിനത്തിൽ 2022-23ൽ മാത്രം 8 ലക്ഷത്തിലധികം രൂപയുടെ ബാധ്യത പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. ഈ ഇനത്തിലെ ബാധ്യത അനുദിനം വർദ്ധിക്കുമ്പോഴും സംയുക്തപരിശോധന ഉൾപ്പെടെയുള്ള കാര്യങ്ങളിലെ നടപടിക്രമങ്ങളിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 16/18.07.23) സംയുക്ത പരിശോധനക്കായി വാട്ടർ അതോറിറ്റിക്ക് പലതവണ കത്തുകൾ നൽകി എങ്കിലും 26.06.23ൽ

മാത്രമാണ് മറുപടി ലഭിച്ചതെന്നും ആയതനുസരിച്ച് 30.06.23ലെ പഞ്ചായത്ത് കമ്മിറ്റിയിൽ 3(1) ആയി തുടർനടപടികൾക്ക് തീരുമാനം എടുത്തിട്ടുണ്ടെന്നും അറിയിച്ചു. വെള്ളക്കരം ഇനത്തിൽ പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. അതോടൊപ്പം തന്നെ ഗാർഹിക കുടിവെള്ള കണക്ഷൻ പരമാവധി നൽകി പൊതുടാപ്പുകളുടെ എണ്ണം കുറക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

### 1-17 പമ്പ് ഹൌസ് നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും പദ്ധതി -വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം. 60/23
പ്രോജക്ടിന്റെ പേര് – പമ്പ് ഹൌസ് നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും
ഫണ്ട് – 9,00,000/-
അടങ്കൽ -ധനകാര്യ കമ്മീഷൻ ഗ്രാന്റ്
ചെലവ് -9,00,000/- (ബിൽ നം 206/09.02.23)

പതിമൂന്നാം വാർഡിൽ പ്ലാം പറമ്പ് ഭാഗത്ത് 2021-22 ൽ ഭൂജലവകുപ്പിന്റെ സഹായത്തോടെ കുഴൽ കിണർ നിർമ്മാണത്തിനായി പദ്ധതി ഏറ്റെടുത്തു. ഇതിന്റെ തുടർച്ചയായി പമ്പ് ഹൌസ് നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും എന്ന പദ്ധതിയിൽ 9,00,000/-രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. കുഴൽ കിണർ നിർമ്മാണത്തിന്റെയും തുടർ പ്രവർത്തികളുടെയും നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/18.07.23) കുഴൽക്കിണർ നിർമ്മാണം ഭൂജല വകുപ്പ് ആരംഭിച്ചിട്ടുണ്ടെന്ന് അറിയിച്ചു.
വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 9,00,000/-രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനായി കുഴൽക്കിണർ നിർമ്മാണവും അനുബന്ധ പ്രവർത്തികളും പൂർത്തിയാക്കി വിനിയോഗ രേഖകൾ ഹാജരാക്കേണ്ടതാണ്.

### 1-18 പകൽ വീട് -പരിപാലനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് -

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പിലാക്കിയ 15-ാം വാർഡിൽ പകൽ വീട് നവീകരണം എന്ന പ്രവർത്തിയിൽ പകൽ വീട് നവീകരണത്തിനായി 507072/- രൂപ ചെലവഴിച്ചിട്ടുണ്ട്. പകൽവീടിന്റെ പ്രവർത്തനം സംബന്ധിച്ച് അസിസ്റ്റന്റ് എൻജിനീയറോടൊപ്പം 19-07-23 ൽ സ്ഥാപനം സന്ദർശിക്കുകയുണ്ടായി. മുൻ വർഷങ്ങളിൽ നിർമ്മിച്ചിട്ടുള്ള പകൽ വീടിന്റെ ഒന്നാം നിലയിൽ ടൈൽ വിരിച്ച് ട്രസ്സ് വർക്ക് ഉൾപ്പെടെ നിർമ്മിക്കുക എന്ന പ്രവർത്തികളാണ് ഈ വർഷം നിർവ്വഹിച്ചിട്ടുള്ളത്. പകൽ വീടിലെത്തുന്നവർക്ക് വിശ്രമിക്കാനും, യോഗം ചേരാനുമൊക്കെയുള്ള സൌകര്യങ്ങൾ ഇതിൽ ഒരുക്കിയിട്ടുണ്ട്. അടിസ്ഥാന സൌകര്യങ്ങൾ എല്ലാം തന്നെ ഒരുക്കിയിട്ടുള്ള ഈ കെട്ടിടം നിലവിൽ വയോജന വേദി എന്ന സംഘടനയുടെ ചുമതലയിലാണ് പ്രവർത്തിക്കുന്നത്.പകൽ വീടുകളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കു വേണ്ടി കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാമെന്ന് സ.ഉ (കൈ)നം.115/2022 തീയതി.28-05-22 ആയി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, നാളിതുവരെയും ഈ പഞ്ചായത്തിൽ പകൽവീടിന്റെ സുഗമമായ നടത്തിപ്പിനായി ഇപ്രകാരം ജീവനക്കാരെ നിയമിച്ചിട്ടില്ല. ആയത് സുഗമമായ പ്രവർത്തനങ്ങൾക്കും, ആസ്തിയുടെ സംരക്ഷണത്തെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. ആയതിനാൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ഈ സ്ഥാപനത്തിന്റെ സംരക്ഷണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-19 മരുന്നുകൾ ലഭിച്ചില്ല

പ്രോജക്ട് നം - 13/23

പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകളും മറ്റു വിതരണ സാമഗ്രികളും

വാങ്ങുന്നതിനുള്ള പദ്ധതി
ഫണ്ട് – മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)
അടങ്കൽ – 4,50,000/-
ചെലവ് – 4,50,000/- (ബിൽ നം. 1/22-23/15.02.23)

ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകളും സൺഡ്രീസും വിതരണ സാമഗ്രികളും വാങ്ങുന്നതിനുള്ള പദ്ധതിയിൽ 4,50,000/-രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ മരുന്നുകൾ ഉൾപ്പെടെ ആവശ്യപ്പെട്ട സാമഗ്രികൾ ഹോംകോയിൽ നിന്നും ലഭിച്ചിട്ടില്ല. ഇവ ലഭ്യമാക്കാനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വിതരണ സാമഗ്രികളുൾപ്പെടെയുള്ള മരുന്നുകൾ ലഭിക്കുന്നതിനായി ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. മരുന്നുകൾ ഉൾപ്പെടെ 4,50,000/- രൂപക്കുള്ള സാമഗ്രികൾ ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം.2/12-07-2023.

### 1-20 ഐകെഎം വിഹിതം അടക്കൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം. 44/23
പ്രോജക്ടിന്റെ പേര് – ഐകെഎം വിഹിതം അടക്കൽ
ഫണ്ട് – വികസന ഫണ്ട് (ജനറൽ)
അടങ്കൽ – 64105/-
ചെലവ് – 4577/-(ബിൽ നം.8/12.8.2022)
– 59528/- (ബിൽ നം.27/17.3.2023)

ഐകെഎം വിഹിതം ആയി നൽകിയ 64105/-രൂപയുടെ വിനിയോഗ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വിനിയോഗ സാക്ഷ്യപത്രത്തിനായി ഐകെഎംന് കത്ത് നൽകിയിട്ടുണ്ടെന്നും ലഭിക്കുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവഴിച്ച 64105/-രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനായി വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം.15/18.07.23

### 1-21 ലൈഫ് ഭവനപദ്ധതി

ലൈഫ് ഭവനപദ്ധതി മൂന്നാം ഘട്ട പ്രകാരം 13 ഗുണഭോക്താക്കളാണ് ഭവന നിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടത്. ഇതിൽ ജനറൽ വിഭാഗത്തിൽ 6 ഗുണഭോക്താക്കളും എസ്.സി വിഭാഗത്തിൽ 2 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. താഴെപ്പറയുന്ന 5 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നം | പേര് മേൽവിലാസം | ജനറൽ /എസ്.സി | നിലവിലെ സ്റ്റേജ് | നൽകിയ ആകെ തുക |
|---|---|---|---|---|
| 1 | സുധ കളത്തിൽ | ജനറൽ | അടിത്തറയുടെ പണികൾ ആരംഭിച്ചിട്ടുള്ളതാണ് | 40000 |
| 2 | പ്രസന്ന വേണു വിഷ്ണുവിലാസം | ജനറൽ | മേൽക്കൂര | 200000 |
| 3 | സുധയമ്മ സനൽകുമാർ | എസ് സി | മേൽക്കൂര | 300000 |
| 4 | അഖില കൊന്നപറമ്പിൽ | എസ് സി | അടിത്തറ | 40000 |

| | | | | |
|---|---|---|---|---|
| 5 | അമ്പിളി സെജികുമാർ | എസ് സി | പണി ആരംഭിച്ചിട്ടില്ല | 40000 |

ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് നേരിട്ടും നോട്ടീസ് മുഖേനയും ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും, അല്ലാത്തപക്ഷം കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടയ്ക്കണമെന്നും അറിയിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പ്രസിഡന്റിന്റെയും മെമ്പർമാരുടെയും സാന്നിധ്യത്തിൽ ഗുണഭോക്താക്കളെ വിളിച്ചുകൂട്ടി അവരുടെ പ്രശ്നങ്ങൾ വിശകലനം ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ സന്നദ്ധ സംഘടനകളുടെയും വാർഡ് സമിതികളുടെയും സഹകരണത്തോട് കൂടി ആവശ്യമായ സഹായങ്ങൾ നൽകി ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-22 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് സംബന്ധിച്ച്-

2022-23 വർഷം വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ റോഡ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്/ അളവുപുസ്തകം/ പ്രോജക്ട് നം. | ഈടാക്കിയ തുക | ഫണ്ടിനം. | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| 1 | ചക്കിട്ടയിൽ പോക്കാട്ട് റോഡ് ടാറിംഗ്-w-6<br>36179/22, പേജ് -2 മുതൽ 6 വരെ, 93/23 | 2248/- | മെയിന്റനൻസ് ഗ്രാന്റ് | 14/22-23,dt.20.3.23<br>400000/- |
| 2 | വൈഷ്ണവം – നാഗമഠം റോഡ് ടാറിംഗ്-w-8,<br>36189/22,പേജ് -2 മുതൽ 6 വരെ, 95/23 | 1967/- | മെയിന്റനൻസ് ഗ്രാന്റ് | 20/22-23,dt.28.03.23<br>400000/- |
| 3. | മേപ്പള്ളിൽ – തോണിപ്പുരയ്ക്കൽ റോഡ്ടാറിംഗ്- W-12<br>36224/22,പേജ് -2 മുതൽ 6 വരെ, 109/23 | 2248/- | മെയിന്റനൻസ് ഗ്രാന്റ് | 21/22-23,dt. 28.03.23<br>400000/- |
| 4. | മേത്രയിൽ മൂലശ്ശേരിൽ റോഡ് രണ്ടാം ഘട്ടം-w-14<br>36208/22,പേജ് -2 മുതൽ 6 വരെ, 100/23 | 2248/- | മെയിന്റനൻസ് ഗ്രാന്റ് | 22/22-23,dt. 28.03.23<br>400000/- |
| 5. | പുത്തൻപറമ്പ് – തോട്ടക്കടവ് റോഡ് രണ്ടാം ഘട്ടം-w-15<br>36211/22,പേജ് -2 മുതൽ 5 വരെ, 101/23 | 2248/- | മെയിന്റനൻസ് ഗ്രാന്റ് | 19/22-23,dt. 28.03.23<br>400000/- |
| 6. | ടിബി ജംഗ്ഷൻ – പടവല്യം റോഡ് മെയിന്റനൻസ്- വാർഡ് -6<br>MB-No.2/20-21<br>80/22 | 17250/- | വികസന ഫണ്ട് (പ്രളയാശ്വാസം) | 01/22-23,dt. 06.05.22. 969172/- (ഫൈനൽ ബിൽ) |
| | ആകെ | 28209/- | | |

ജി.ഒ.(പി)177/06 ധനം 12-04-06 ഉത്തരവ് ഖണ്ഡിക 10.3 ലെ നിർദ്ദേശ പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ചെലവഴിച്ചത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്), അതേ ഫണ്ടിൽ തന്നെ ഖണ്ഡിക 10.3 പ്രകാരമുള്ള നിബന്ധനകൾ പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പ്രവർത്തികളുടെ വില ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/15.07.2023) ലഭ്യമാക്കിയ മറുപടിയിൽ ഈ തുക അതാത് ശീർഷകത്തിലേക്ക് തിരികെ ഒടുക്കുവാൻ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കു വരുത്തി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-23 തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ -

2022-23 വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിച്ച വിവിധ പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ, നിർവ്വഹണ രേഖകൾ സുതാര്യമായ രീതിയിലല്ല എഴുതി സൂക്ഷിച്ചിട്ടുള്ളതെന്ന് കണ്ടു. ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. അളവുപുസ്തകത്തിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ്, നിരക്ക് എന്നിവ രേഖപ്പെടുത്തുന്നില്ല.
2. ഓരോ പ്രവർത്തിയിലും ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചതിന് കരാറുകാരന് തുക നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ ഫോട്ടോകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
3. സ്കിൽഡ് ലേബേഴ്സിന് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളതിനെക്കാൾ അധിക നിരക്കിലാണ് തുക നൽകിയിട്ടുള്ളത്. മേസണിന് എസ്റ്റിമേറ്റിൽ പ്രതിദിനം 1000/- രൂപയാണെങ്കിലും മസ്റ്റർ റോൾ പ്രകാരം നൽകിയിട്ടുള്ളത് 1630/- രൂപ വീതമാണ്.
ഉദാ. 1. ആറാം വാർഡിൽ അതിരിനകത്ത് റോഡ് കോൺക്രീറ്റിംഗ്.
2. ആറാം വാർഡിൽ അതിരിനകത്ത് റോഡ് കോൺക്രീറ്റിംഗ്. രണ്ടാം ഘട്ടം.
4. 250000/- രൂപയ്ക്കു മേലുള്ള മെറ്റീരിയൽ പ്രവർത്തികളിൽ കരാറുകാർക്ക് നൽകുന്ന തുകയിൽ നിന്നും നിയമാനുസൃത രീയിയിലല്ല ജിഎസ് ടി. ഈടാക്കിയിട്ടുള്ളത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30.07.19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ്/16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി.എസ്.ടി. വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2022-23 വർഷം പഞ്ചായത്തിൽ നടപ്പിലാക്കിയ മെറ്റീരിയൽ പ്രവർത്തികളിൽ 250000/- രൂപയിൽ കവിഞ്ഞുള്ള തുകയ്ക്കു മാത്രമാണ് ജി.എസ്.ടി ഈടാക്കിയിട്ടുള്ളത്. അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 17) ലഭ്യമാക്കിയ മറുപടിയിൽ കുടുംബശ്രീ യൂണിറ്റാണ് ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചിട്ടുള്ളതെന്നും ജിയോ ടാഗ് ചെയ്ത ഫോട്ടോയാണ് ഫയലിൽ സൂക്ഷിക്കുന്നതെന്നും മറുപടി ലഭ്യമാക്കി. സ്കിൽഡ് ലേബേഴ്സിന് മസ്റ്റർ റോൾ ബ്ലോക്കിൽ നിന്നും ലഭിച്ചത് മതിയായ എണ്ണത്തിൽ കുറവായതിനാൽ ലേബേഴ്സിന് ജോലി ചെയ്ത തുക കിട്ടാതിരിക്കുന്ന സാഹചര്യം ഒഴിവാക്കാനാണ് ഇപ്രകാരം ചെയ്തതെന്നും, ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകി. ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല-20000/- രൂപാ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ/സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്.

2021-22 ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | കരുനാലയിൽ ഫിനാൻസിയേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 2 | യോഗ് ലോൺസ് ആന്റ് ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 3 | രേവതി ഫിനാൻസ് കോർപ്പറേഷൻ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 4 | വസുരേവത് നിധി ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 5 | മാക്സ് വാല്യു ക്രെഡിറ്റ്സ് & ഇൻവെസ്റ്റ്മെന്റ്സ് | രണ്ടാം അർദ്ധവർഷം | 1250X1=1250 |
| 6 | ശിവഗംഗ ഫിനാൻസ്, കന്നുകാലി പാലം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 7 | ശ്രീ നാരായണ ഫിനാൻസ്, കന്നുകാലി പാലം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 8 | ന്യൂ ഇന്ത്യ ഇൻഷുറൻസ് കമ്പനി, പോർട്ടൽ ഓഫീസ്, വാർഡ് നം:06 | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 9 | കണ്ണാട്ട് ഫിനാൻസ് | രണ്ടാം അർദ്ധവർഷം | 1250X1=1250 |
| | ആകെ | | 20000/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നതിന് കത്ത് നൽകിയതായും, നികുതി അടവാക്കുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 05, തീയതി 12/07/2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ചെലവ് നിരീക്ഷണങ്ങൾ

ഇല്ല

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 170000 | സാന്ത്വന പരിചരണ പദ്ധതി | 170000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 194500 | ശാരീരിക മാനസിക വെല്ലുവിളകൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 194500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 216133 | ലൈഫ് ഭവനം (ജനറൽ) | 216133 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 334000 | ലൈഫ് ഭവനം (എസ് സി) | 334000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 200000 | അഗതി രഹിതകേരളം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 353068 | പാലിന് സബ്സിഡി | 353068 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 50000 | ട്രാൻസ്ജെന്റർക്ക് സ്വയംതൊഴിൽ | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 240000 | എസ് സി ഭവന നിർമ്മാണം ലൈഫ് 2020 | 240000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 40000 | ഫിഷറിസ് ഭവന നിർമ്മാണം ലൈഫ് 2020 | 40000 | 0 |
| ആകെ | | 1797701 | | 1797701 | |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 185000 | അനുപൂരക പോഷകാഹാരം | 185000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 104000 | ശാരീരിക മാനസിക | 104000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വെല്ലുവിളകൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | | |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 1149124 | ലൈഫ് ഭവനം (ജനറൽ) | 1149124 | 0 |
| ജില്ലാപഞ്ചായത്ത് | 2022-2023 | 600000 | ലൈഫ് ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ (ജനറൽ) | 600000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 90000 | ലൈഫ് ഭവനം (എസ് സി) | 90000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| ആകെ | | 2228124 | | 2228124 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർനമ്പർ/ ചെക്ക്നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പമ്പ്ഹൌസ് നിർമ്മാണം മോട്ടോർ സ്ഥാപിക്കൽ | 2200733, 13/02/2023 | 900000 | 0 | 900000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 600000/- രൂപ വരവുണ്ട്. മുൻബാക്കി 100000/- രൂപയടക്കം 700000/- രൂപ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| LIFE | 1)6872/2022, | 600000 | 24548000 | 3458016 | ഇല്ല | 21689984 |

| | | | | | | |
|---|---|---|---|---|---|---|
| MISSION | തീയതി 12/10/2022 2)1049/2023 തീയതി 13/02/2023 | | | | | |

.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ, തിയ്യതി |
|---|---|---|---|---|
| 2012/2013 | 3-12 | 1940 | VILLAGE OFFICER | 1220100029, 07/04/2022 |
| 2012/2013 | 3-12 | 1320 | VILLAGE OFFICER | 1220100220, 22/04/2022 |
| 2012/2013 | 3-12 | 1940 | VILLAGE OFFICER | 1220100500, 17/05/2022 |
| 2012/2013 | 3-12 | 3260 | VILLAGE OFFICER | 1220100630, 27/05/2022 |
| 2012/2013 | 3-12 | 3260 | VILLAGE OFFICER | 1220100931, 13/07/2022 |
| 2012/2013 | 3-12 | 1320 | VILLAGE OFFICER | 1220100991, 26/07/2022 |
| 2012/2013 | 3-12 | 1940 | VILLAGE OFFICER | 1220101024, 02/08/2022 |
| 2012/2013 | 3-12 | 1320 | VILLAGE OFFICER | 1220101199, 26/08/2022 |
| 2012/2013 | 3-12 | 1940 | VILLAGE OFFICER | 1220101259, 01/09/2022 |
| 2012/2013 | 3-12 | 1320 | VILLAGE OFFICER | 1220101480, 29/09/2022 |
| 2012/2013 | 3-12 | 1940 | VILLAGE OFFICER | 1220101646, 14/10/2022 |
| 2012/2013 | 3-12 | 1320 | VILLAGE OFFICER | 1220101724, 26/10/2022 |
| 2012/2013 | 3-12 | 2000 | VILLAGE OFFICER | 1220101725, 26/10/2022 |
| 2012/2013 | 3-12 | 1940 | VILLAGE OFFICER | 1220101804, |

| | | | | |
|---|---|---|---|---|
| | | | | 04/11/2022 |
| 2012/2013 | 3-12 | 2506 | VILLAGE OFFICER | 1220102227, 02/12/2022 |
| 2012/2013 | 3-12 | 1320 | VILLAGE OFFICER | 1220102226, 02/12/2022 |
| 2012/2013 | 3-12 | 1940 | VILLAGE OFFICER | 1220102599, 27/12/2022 |
| 2012/2013 | 3-12 | 1320 | VILLAGE OFFICER | 1220102600, 27/12/2022 |
| 2012/2013 | 3-12 | 1940 | VILLAGE OFFICER | 1220102659, 04/01/2023 |
| 2012/2013 | 3-12 | 1320 | VILLAGE OFFICER | 1220102800, 23/01/23 |
| 2012/2013 | 3-12 | 1940 | VILLAGE OFFICER | 1220103038, 07/02/2023 |
| 2012/2013 | 3-12 | 1940 | VILLAGE OFFICER | 1220103494, 06/03/2023 |
| 2012/2013 | 3-12 | 1320 | VILLAGE OFFICER | 1220103495, 06/03/2023 |
| 2012/2013 | 3-12 | 4762 | VILLAGE OFFICER | 1220104001, 20/03/2023 |
| 2012/2013 | 3-12 | 1320 | VILLAGE OFFICER | 1220104111, 24/03/2023 |
| ആകെ | | 48388 | | |

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 19 | 2003-2004 | 19 | പബ്ലിക് മാർക്കറ്റ് റോഡ് ഗ്രാവലിംഗ് | അക്കൌണ്ട്സ് കമ്മറ്റി തീരുമാനം അറിയിച്ചിട്ടില്ല |
| 1999-2000 | 13 | 2003-2004 | 13 | നികുതി പിരിവ് -പിഴപ്പലിശ ഈടാക്കിയിട്ടില്ല | അക്കൌണ്ട്സ് കമ്മറ്റി തീരുമാനം അറിയിച്ചിട്ടില്ല |
| 1999-2000 | 27 | 2003-2004 | 27 | താറാവ് വിതരണം | അക്കൌണ്ട്സ് കമ്മറ്റി തീരുമാനം |

| | | | | | |
|---|---|---|---|---|---|
| | | | | | അറിയിച്ചിട്ടില്ല |
| 2000-2001 | 18 | 2003-2004 | 18 | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം | അക്കൌണ്ട്സ് കമ്മറ്റി തീരുമാനം അറിയിച്ചിട്ടില്ല |
| 2000-2001 | 21 | 2003-2004 | 21 | വനിത സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം | അക്കൌണ്ട്സ് കമ്മറ്റി തീരുമാനം അറിയിച്ചിട്ടില്ല |
| 2000-2001 | 28 | 2003-2004 | 28 | മെതിയന്ത്രം-രസീതില്ല | അക്കൌണ്ട്സ് കമ്മറ്റി തീരുമാനം അറിയിച്ചിട്ടില്ല |
| 2015-2016 | 2-(4) | 2016-2017 | 2-(4) | തൊഴിൽ നികുതി | 10-08-2018-ലെ X(1) തീരുമാന പ്രകാരം മറുപടി നൽകി |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 33259002/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 33201569/- |
| വരവിനങ്ങളിലുള്ള നഷ്ടം | : 20000/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 984355/- |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | ചാർജ്ജ് ചെയ്യുന്നവ | സർചാർജ്ജ് ചെയ്യുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 20000 | - | അജയകുമാർ.സി.വി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 20250/- | ശ്രീമതി.സിന്ധു.ഒ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-17 | 900000/- | അജയകുമാർ.സി.വി, സെക്രട്ടറി. |
| 1-20 | 64105/- | അജയകുമാർ.സി.വി, സെക്രട്ടറി. |
| ആകെ | 984355/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അജയകുമാർ.സി.വി, സെക്രട്ടറി | ബി.ഡി.ഓ. ഭരണിക്കാവ് | ചേലക്കാട്ടത്ത്കാരയ്മ, വള്ളികുന്നം.പി.ഒ. |
| സിന്ധു.ഒ. അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ മാവേലിക്കര നഗരസഭ | സിന്ദൂരം ചേപ്പാട്.പി.ഒ. ആലപ്പുഴ |

4-10 തീർപ്പാക്കാനവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 ചെലവ് | എൽ.എഫ്.ജി.എ.5.1832/2011/04.02.12 |
| 1998-1999 ചെലവ് | എൽ.എഫ്.ജി.എ.5.1832/2011/03.02.12 |
| 2000-2001 ചെലവ് | എൽ.എഫ്.ജി.എ.5.1832/2011/04.02.12 |
| 2002-2003 | എൽ.എഫ്.ജി.എ.5.1832/2011/04.02.12 |
| 2003-2004 | എൽ.എഫ്.ജി.എ.5.1832/2011/04.02.12 |
| 2004-2005 | എൽ.എഫ്.ജി.എ.5.1832/2011/04.02.12 |
| 2005-2006 | എൽ.എഫ്.ജി.എ.5.1832/11/2011/04.02.12 |
| 2006-2007 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 |
| 2007-2008 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 |
| 2008-2009 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 |
| 2009-2010 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 |
| 2010-11, 2011-12 | ഓഡിറ്റ് അദാലത്ത് റിപ്പോർട്ട്- 2022 കെ.എസ്.എ-എ.എൽ.പി/പി-3/1315/2022 17/05/2023 |
| 2012-2013 | ഓഡിറ്റ് അദാലത്ത് റിപ്പോർട്ട്- 2022 കെ.എസ്.എ-എ.എൽ.പി/പി-3/1315/2022 17/05/2023 |
| 2013-2014 | ഓഡിറ്റ് അദാലത്ത് റിപ്പോർട്ട്- 2022 കെ.എസ്.എ-എ.എൽ.പി/പി-3/1315/2022 17/05/2023 |
| 2014-2015 | ഓഡിറ്റ് അദാലത്ത് റിപ്പോർട്ട്- 2022 കെ.എസ്.എ-എ.എൽ.പി/പി-3/1315/2022 |

| | |
|---|---|
| | 17/05/2023 |
| 2015-16 | ഓഡിറ്റ് അദാലത്ത് റിപ്പോർട്ട്- 2022<br>കെ.എസ്.എ-എ.എൽ.പി/പി-3/1315/2022<br>17/05/2023 |
| 2016-17 | ഓഡിറ്റ് അദാലത്ത് റിപ്പോർട്ട്- 2022<br>കെ.എസ്.എ-എ.എൽ.പി/പി-3/1315/2022/17.05.2023 |
| 2017-18 | കെ.എസ്.എ/എഎൽ.പി/പി3-1496/2018/05.01.2019 |
| 2018-19 | കെ.എസ്.എ/എഎൽ.പി/പി3-1032/2019/28.12.2019 |
| 2019-20 | കെ.എസ്.എ.എ.എൽ.പി- പി 3/ 563 /2021/05-07-21 |
| 2020-21 | കെ.എസ്.എ.എ.എൽ.പി- പി 3/712/2022/16.07.2022 |
| 2021-22 | കെ.എസ്.എ.എ.എൽ.പി- പി 3/269/2023/23.03.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number I(1) dated 30-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Karuvatta Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Karuvatta Grama Panchayat for the year 2022-2023

Date: 03/10/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Karuvatta Grama Panchayat for the Year 2022-2023.

**1.Major Observations**

Non disclosure of liability -Arrear amount of watercharge, Rs.1855461/- not included in balance sheet.

**2.Other Observations**

a) Comments relating to Cashflow Statement-Net increase/decrease in cashflow (43547616/-) does not match with the difference between the opening balance and closing balance of cash and cash equivalents (57433/-)

b) Comments relating to Ratios -Ratios,the mandatory financial statement prescribed in accounting rule [62(2)(F)] not submitted for audit.

c) Comments relating to Journal Vouchers -Lapses in making timely and accurate demand entries in respect of tax and non tax revanues.

d) Comments relating to Demand, Collection and Balance Register-Demand registers are not periodically reconcile with accounts.

e) Comments relating to Asset Register- Asset register does not match with Annual Financial Statement.

Deputy Director,
District Audit Office,
Alappuzha
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്